പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 435 | 29.6.2012-ന് മറുപടിക്ക്

പ്ലാസ്റ്റിക്കിന്റെ പുനരുപയോഗ പുന:ചംക്രമണ സാദ്ധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, വി. ഡി. സതീശൻ<br>'' വർക്കല കഹാർ<br>'' സി. പി. മുഹമ്മദ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ പ്ലാസ്റ്റിക്ക് ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്, വിശദമാക്കുമോ ; | എ) 40 മൈക്രോൺവരെ കട്ടിയുള്ള പ്ലാസ്റ്റിക്ക് കവറുകളുടെ നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ട്. പ്ലാസ്റ്റികിന്റെ ഉപയോഗം കുറക്കുന്നതിന് വിപുലമായ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കാനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിരോധിച്ച പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വില്ക്കുന്നതും ഉപയോഗിക്കുന്നതും നിരുൽസാഹപ്പെടുത്തുന്നതിനുള്ള സെമിനാറുകൾ, എക്സിബിഷനുകൾ, ദൃശ്യ, ശ്രവ്യ പത്രമാധ്യമങ്ങൾ വഴി ബൃഹത്തായ പ്രചരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ പ്ലാസ്റ്റികിന്റെ ഉപയോഗം കുറയ്ക്കുന്നതിലേക്കായി ടി ഉല്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന |

| | | | |
|---|---|---|---|
| | | | ങ്ങൾക്ക് നല്കിയിട്ടുണ്ട്. |
| ബി) | ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കിന്റെ പുനരുപയോഗ പുനഃചംക്രമണ സാദ്ധ്യതകൾ വിലയിരുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | ഉണ്ട്.<br>പ്ലാസ്റ്റിക് ഉറവിടത്തിൽ തന്നെ തരംതിരിച്ച് വയ്ക്കാനും അവയെ ഒന്നായി ശേഖരിച്ച് പുനരുപയോഗത്തിനും പുന:ചംക്രമണത്തിനും സഹായിക്കുന്ന രീതിയിൽ ഖരമാലിന്യ പരിപാലന പ്രോജക്ടുകൾ തയ്യാറാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായം ശുചിത്വമിഷൻ വഴി നൽകി വരുന്നു. |
| സി) | ഇതിനെക്കുറിച്ച് പഠിക്കുവാൻ ഏതെങ്കിലും കമ്മിറ്റിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | സി) | ഇല്ല. |
| ഡി) | കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | ഡി) | ബാധകമല്ല. |
| ഇ) | ഇതിന്മേൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ? | ഇ) | |

സെക്ഷൻ ഓഫീസർ